**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1753</u>** **<u>08-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം</u>**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ നിലവിലെ പ്രവർത്തനം വിശദമാക്കാമോ; | (എ) | ശ്രീനാരായണഗുരു ഓപ്പ സർവ്വകലാശാലയ്ക്ക് യു.ജി.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. യു.ജി തലത്തിൽ 5 ഭാഷ കോഴ്സുകളും, പി.ജി തലത്തിൽ 2 ഭാഷ കോഴ്സുകളും നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത യൂണിവേഴ്സിറ്റിയിൽ ഏതൊക്കെ കോഴ്സുകളിൽ ഇതിനകം പ്രവേശനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | ബിരുദ കോഴ്സുകളിൽ 5 ഭാഷ വിഷയങ്ങളായ മലയാളം, ഇംഗ്ലീഷ്, സംസ്കൃതം, ഹിന്ദി, അറബിക് എന്നിവയും, ബിരുദാനന്തര കോഴ്സുകളായ എം.എ. മലയാളം, എം.എ. ഇംഗ്ലീഷ് കോഴ്സുകളും നടത്തുന്നുണ്ട്. |
| (സി) | അവിടെ നിലവിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (സി) | യു.ജി. കോഴ്സിൽ 3846 വിദ്യാർത്ഥികളും പി.ജി. കോഴ്സിൽ 1563 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. |
| (ഡി) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചതിന്റെ ഫലമായി മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയിൽ നടത്തിക്കൊണ്ടിരുന്ന വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം യൂണിവേഴ്സിറ്റികളിലെ ഏതെല്ലാം കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്.<br><u>കണ്ണൂർ സർവ്വകലാശാല</u><br>പ്രൈവറ്റ് രജിസ്ട്രേഷൻ സ്കീമിൽ നടത്തിവന്നിരുന്ന ബി.എ. ഇംഗ്ലീഷ്, ബി.എ. മലയാളം എന്നീ ബിരുദ പ്രോഗ്രാമുകളും എം.എ. ഇംഗീഷ് എന്ന ബിരുദാനന്തരബിരുദ പ്രോഗ്രാമും 2022-23 അധ്യയന വർഷം മുതൽ നിർത്തലാക്കിയിട്ടുണ്ട്.<br><u>കേരള സർവ്വകലാശാല</u><br>വിദൂര വിദ്യാഭ്യാസം വഴി നടത്തിക്കൊണ്ടിരുന്ന ബി.എ ഇംഗ്ലീഷ്, ബി.എ മലയാളം, ബി.എ ഹിന്ദി, എം.എ ഇംഗ്ലീഷ്, എം.എ മലയാളം എന്നീ കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ട്.<br><u>കാലിക്കറ്റ് സർവ്വകലാശാല</u><br>ബി.എ ഇംഗ്ലീഷ്, ബി.എ ഹിന്ദി, ബി.എ മലയാളം, ബി.എ സംസ്കൃതം, ബി.എ അറബിക്, എം.എ ഇംഗ്ലീഷ്, എം.എ മലയാളം എന്നീ പ്രോഗ്രാമുകൾക്ക് |

| | | | |
|---|---|---|---|
| | | | 2022-23 അക്കാദമിക് വർഷം പ്രവേശനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ